# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 972** — **05.02.2020 ലെ മറുപടി**

## ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുവാൻ നടപടി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എം. വിൻസെന്റ് :** | | **കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പുമന്ത്രി)** | |
| (എ) | തിരുവനന്തപുരം നഗരത്തിലെ മാലിന്യ വാഹിനിയായ ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിന് 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തിരുവനന്തപുരം വൻകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ തയ്യാറാക്കി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് എസ്റ്റിമേറ്റ് സമർപ്പിച്ചതെന്ന് വ്യക്തമാക്കാമോ; | (എ) | ആമയിഴഞ്ചാൻ തോട് വൃത്തിയാക്കുന്നതിനായി 38 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി തിരുവനന്തപുരം വൻകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 11.05.2018-ലെ ഡി6/എബി1/1328/2018-)0 നമ്പർ കത്ത് പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ജില്ലാ കളക്ടർ പ്രസ്തുത എസ്റ്റിമേറ്റ് അംഗീകരിച്ച് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക അനുവദിച്ചുവെന്ന് അറിയിക്കാമോ; | (ബി) | ഫണ്ട് അനുവദിച്ചിട്ടില്ല |
| (സി) | ഗൗരീശപട്ടം കുഴിവയൽ ഭാഗത്ത് രൂക്ഷമായ വെള്ളപ്പൊക്കം പരിഹരിക്കുന്നതിന് ആമയിഴഞ്ചാൻ തോട്ടിലെ മാലിന്യം വർഷം തോറും നീക്കം ചെയ്യേണ്ടതുള്ളതിനാൽ ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ആമയിഴഞ്ചാൻ തോടിൽ വന്ന് ചേരുന്ന ഉള്ളൂർ തോട്, കുഴിവയൽഭാഗം വഴിയാണ് കടന്നു പോകുന്നത്. ഈ ഭാഗത്ത് ധാരാളമായി മണ്ണും മാലിന്യങ്ങളും അടിഞ്ഞുകൂടി ഒഴുക്കിന് തടസ്സം സൃഷ്ടിച്ചിരുന്നു. ഇത് നീക്കം ചെയ്യുന്നതിനായി ഈ ഭാഗത്ത് എസ്.ഡി.ആർ.എഫ്-ൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ വീതമുള്ള 2 പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്. ഉള്ളൂർ തോടിന്റെ നവീകരണ പ്രവർത്തനങ്ങൾക്കായി 9 കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. ആയതിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**